I/46081/2023

**തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജോയിന്റ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ബിനു ജോൺ)**

വിഷയം: ഭരണ ജാഗ്രത – തദ്ദേശ സ്വയംഭരണ വകുപ്പ് - അകലക്കുന്നം ഗ്രാമ പഞ്ചായത്ത്- ക്ലർക്ക് ശ്രീ.സാംകുട്ടി സി ലാസ് -അവധി കൂടാതെ ജോലിക്ക് ഹാജരാകാതിരിക്കുന്നത് - അച്ചടക്ക നടപടി- സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം : 1) കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.12.2019 ലെ E2/02/KTM/DDP നമ്പർ ഉത്തരവ്

2) അകലക്കുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2019,20.12.2019,,17.01.2020,20.01.2020, 09.03.2020എന്നീ തീയതികളിലെ എ5-65/2019 നമ്പർ കത്തുകൾ

3) ഈ ഓഫീസിലെ 18.03.2020 ലെ എവിഎസ് 260/20 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4) ശ്രീ. സാംകുട്ടി സി ലാസിൻറെ 02.05.2020 ലെ മറുപടി

5) ഈ ഓഫീസിലെ 13.10.2020 ലെ എവിഎസ് 260/20 നമ്പർ കത്ത്.

6) ഈ ഓഫീസിലെ 28.06.2021ലെ DDP-KTM-260/2020-AVS നമ്പർ കുറ്റാരോപണ മെമ്മോ

7) ഈ ഓഫീസിലെ 25.10.2021 ലെ എ.വി.എസ്-260/2020 നമ്പർ ഉത്തരവ്

8) പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 5 സീനിയർ സൂപ്രണ്ടിന്റെ 19.01.2022 തീയതിയിലെ പി.എ.യു-5/114/21 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

9) ഈ ഓഫീസിലെ 01.06.2022 തീയതിയിലെ DDP-KTM-260/2020-AVS നമ്പർ കാരണം കാണിക്കൽ നോട്ടീസ്

10) 29.11.2022 തീയതിയിലെ അപ്പന്റിക്സ് എച്ച്4 നോട്ടീസ്, അപ്പന്റിക്സ് എച്ച് 5 പത്രപ്പരസ്യം.

11) 26.01.2023തീയതിയിലെ മലയാള മനോരമ, ദേശാഭിമാനി പത്രങ്ങളിലെ പ്രസിദ്ധീകരണ വാർത്ത.

**ഉത്തരവ് നമ്പർ: LSGD/JD/KTM/862/2023-A4 തീയതി: 02-08-2023**

അകലക്കുന്നം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്കായി സൂചന 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 04.12.2019 ൽ സേവനത്തിൽ പ്രവേശിച്ച സാംകുട്ടി സി ലാസ് 05.12.2019, 06.12.2019 എന്നീ ദിവസങ്ങളിലെ ആകസ്മിക അവധികൾക്ക് ശേഷം 09.12.2019 മുതൽ ജോലിക്ക് ഹാജരാവുകയോ അവധിക്ക് അപേക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാളോട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയെങ്കിലും ടിയാൾ ആയത് കൈപ്പറ്റിയില്ല എന്നും, 20.01.2020 തീയതിയിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തി കത്ത് കൈപ്പറ്റിയെങ്കിലും അയർകുന്നത്ത് താമസ സൌകര്യം ലഭിക്കാത്തതിനാലും അസുഖം ആയതിനാലും ആണ് വിശദീകരണം നൽകാതിരുന്നതെന്ന് അറിയിച്ചുവെങ്കിലും അസുഖം സംബന്ധിച്ച് യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല എന്നും സൂചന (2) പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

തുടർ ന്ന് ഈ ഓഫീസിൽ നിന്നും സൂചന (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ആയത് 24.03.2020 തീയതി ടിയാൾ കൈപ്പറ്റിയതിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമായിട്ടുള്ളതുമാണ്. സൂചന (4) പ്രകാരമുള്ള ടിയാളുടെ അപേക്ഷയിൽ കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിക്കുന്നതിന് 7 ദിവസം കൂടി സമയം ആവശ്യപ്പെടുകയും എന്നാൽ ടി സമയപരിധി അവസാനിച്ചിട്ടും , ടിയാൾ കാരണം കാണിക്കൽ നോട്ടീസിന് വിശദീകരണം സമർപ്പിക്കുകയോ നേരിട്ട്

ഹാജരായി കാരണം ബോധിപ്പിക്കുകയോ ചെയ്യാതെ മനപൂർവ്വം ഔദ്യോഗിക ചുമതലകളിൽ നിന്ന് ഒഴിഞ്ഞ് നിന്നിരുന്ന ടിയാൾക്ക് വിശദീകരണം സമർപ്പിക്കുന്നതിന് 14 ദിവസം കൂടി സൂചന (5) പ്രകാരം നൽകിയെങ്കിലും ടിയാൾ വിശദീകരണം സമർപ്പിക്കുകയോ നേരിട്ട് ഹാജരാവുകയോ ചെയ്തിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ സൂചന (6) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

07.07.2021 ൽ കുറ്റാരോപണ മെമ്മോയും കുറ്റാരോപണപത്രികയും ടിയാൾ കൈപ്പറ്റുകയും ആയതിന്റെ കൈപ്പറ്റ് പകർപ്പ് ഈ ഓഫീസിൽ ലഭ്യമായിട്ടുള്ളതുമാണ്.നിശ്ചിത സമയപരിധിക്കകം ടിയാൾ എതിർവാദ പത്രിക ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും )ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം അനിവാര്യമാണെന്നു കണ്ട് അപ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (7) പ്രകാരം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5 സീനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും സൂചന (8) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാകുകയുമുണ്ടായി.

ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി ടിയാൾക്ക് കത്തയക്കുന്നതിനുള്ള മേൽവിലാസം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഫയലിൽ ഉണ്ടായിരുന്നതും ടിയാൾ തന്നെ എഴുതി സമർപ്പിച്ചിരുന്നതുമായ 2 ഫോൺനമ്പറുകളിൽ ഒരെണ്ണം ഉപയോഗത്തിലില്ലാത്തതാകയാൽ രണ്ടാമത്തെ ഫോൺനമ്പറിൽ ബന്ധപ്പെട്ടപ്പോൾ ഫോൺ അറ്റൻറു ചെയ്ത ടിയാളുടെ സുഹൃത്തിൽ നിന്നും ലഭിച്ച ഫോൺനമ്പർ പ്രകാരമാണ് ടിയാളെ ബന്ധപ്പെടാൻ സാധിച്ചതെന്നും ഭവനരഹിതനായതിനാൽ ടിയാൾ ഒരു ലോഡ്ജിലാണ് താമസിച്ചുവരുന്നതെന്നും ലോഡ്ജിലെ വിലാസത്തിൽ കത്തയച്ചാൽ ലഭിക്കുന്നതിന് ബുദ്ധിമുട്ടാണെന്ന് അറിയിച്ചതിനാൽ ടിയാൾതന്നെ നൽകിയതും ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നതുമായ മേൽ വിലാസത്തിൽ അയച്ച കത്ത് "Addressee left" എന്ന് രേഖപ്പെടുത്തി മടങ്ങി വന്നതായും തുടർന്ന് ടിയാളെ ബന്ധപ്പെട്ടപ്പോൾ പോസ്റ്റ്മാൻ ഇന്റിമേഷൻ നൽകാതിരുന്നതിനാലാണ് കത്ത് കൈപ്പറ്റാതിരുന്നതെന്നും രണ്ടാമതൊരവസരം നൽകണമെന്നും അറിയിച്ചിരുന്നതു പ്രകാരം 20.11.2021 ൽ വീണ്ടും കത്ത് നൽകിയെങ്കിലും 23.11.2021 ന് ഇൻറിമേഷൻ നൽകിയിരുന്ന കത്ത് ടിയാൾ കൈപ്പറ്റാതിരുന്നതിനെ തുടർന്ന് 08.12.2021 ന് മടങ്ങി വരികയുണ്ടായെന്നും , 10.12.2021 ന് അന്വേഷണ തീയതി നിശ്ച്ചയിച്ചു കൊണ്ട് 03.12.2021 ന് രജിസ്റ്റേഡ് കത്ത് നൽകി, (07.12.2021 ൽ ഇന്റിമേഷൻ നൽകിയിരുന്ന കത്ത് വിലാസക്കാരൻ കൈപ്പറ്റാതിരുന്ന സാഹചര്യത്തിൽ 14.12.2021 ന് മടങ്ങി വരികയുണ്ടായി) ആയതു പ്രകാരം 10.12.2021 ന് പഞ്ചായത്തിൽ എത്തിച്ചേർന്നുവെങ്കിലും ടിയാൾ ഹാജരായില്ല എന്നും ആയതിൽ നിന്നും ടിയാൾക്ക് ഇക്കാര്യത്തിൽ ഒന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന് നിഗമനം നടത്തുന്നതായും ടിയാൾ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും ശിക്ഷാർഹനാണ് എന്നും പരാമർശം 8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വസ്തുതകളും ബന്ധപ്പെട്ട രേഖകളും അന്വേഷണ ഉദ്യോഗസ്ഥന്റെ (പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-5സീനിയർ സൂപ്രണ്ട്) ഔപചാരിക അന്വേഷണ റിപ്പോർട്ടും അഭിപ്രായവും പരിശോധിച്ചതിൽ 09.12.2019 മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മ തുടരുന്നതിലൂടെ ശ്രീ സാംകുട്ടി സി ലാസ് ഗുരുതരമായ അച്ചടക്ക ലംഘനത്തിനും കൃത്യ വിലോപത്തിനും സർവ്വീസ് ചട്ടങ്ങളുടെ ലംഘനത്തിനും ഉത്തരവാദിയാണെന്ന് കണ്ട് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ ചട്ടം 11, മാന്വൽ ഓഫ് ഡിസിപ്ളിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 എന്നിവ പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ സാംകുട്ടി സി ലാസിനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി താൽക്കാലിക ശിക്ഷ നിശ്ചയിച്ച് നൽകിയ കാരണം കാണിക്കൽ നോട്ടീസും ഔപചാരിക അന്വേഷണ റിപ്പോർട്ടും ശ്രീ സാംകുട്ടി സി ലാസിന്റെ ലഭ്യമായ മേൽവിലാസത്തിൽ ഈ ഓഫീസിൽ നിന്നും രജിസ്റ്റേഡ് തപാലിൽ അയച്ചു നൽകിയിരുന്നെങ്കിലും Unclaimed let to Sender എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കി നൽകിയിട്ടുള്ളതാണ്.

കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ പരാമർശം 10),11) പ്രകാരം പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യം

നൽകിയിരുന്നുവെങ്കിലും നിശ്ചിത സമയത്തിനകം യാതൊരു മറുപടിയും ടിയാളിൽ നിന്നും ലഭിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ ടിയാൾ അനധികതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന് ഗുരുതരമായ അച്ചടക്ക ലംഘനത്തിനും കൃത്യവിലോപത്തിനും സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയെന്ന് കാണുന്നതിനാൽ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ, മാന്വൽ ഓഫ് ഡിസിപ്ളിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 എന്നിവ പ്രകാരം ശ്രീ സാംകുട്ടി സി ലാസിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Binu John
Date: 02-08-2023 18:23:31

ബിനു ജോൺ
ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്,
കോട്ടയം

**ശ്രീ സാംകുട്ടി സി ലാസ്**
**ക്ലർക്ക്, അകലക്കുന്നം ഗ്രാമപഞ്ചായത്ത്(അനധികൃത ഹാജരില്ലായ്മയിൽ)**
**(സെക്രട്ടറി, അകലക്കുന്നം ഗ്രാമപഞ്ചായത്ത് മുഖേന)**

പകർപ്പ് : സെക്രട്ടറി , അകലക്കുന്നം ഗ്രാമപഞ്ചായത്ത്
എ2 സെക്ഷൻ
കരുതൽ/അധികം